# <u>പത്രക്കുറിപ്പ്</u>

**ബഹുമാനപ്പെട്ട രാഷ്ട്രപതി അവർകളുടെ കേരള സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ 05.08.2018, 06.08.2018 എന്നീ തീയതികളിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കുന്നതാണ്.**

**05.08.2018** തീയതി ഉച്ചയ്ക്ക് 04.00 മണിമുതൽ 7.00 മണിവരെ എയർപോർട്ട്, ആൾസെയിൻസ്, ചാക്ക, പേട്ട, പാറ്റൂർ, ജനറൽ ആശുപത്രി, ആശാൻ സ്ക്വയർ, രക്തസാക്ഷി മണ്ഡപം, ആർ.ആർ. ലാംമ്പ്, മ്യൂസിയം, വെള്ളയമ്പലം, രാജ്ഭവൻ, കവടിയാർ വരെയുള്ള റോഡുകളിൽ ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

**06.08.2018** തീയതി രാവിലെ 10.00 മണി മുതൽ 01.00 മണിവരെ രാജ്ഭവൻ, വെള്ളയമ്പലം, മ്യൂസിയം, ആർ.ആർ. ലാംമ്പ്, പാളയം, വി.ജെ.റ്റി., ആശാൻ സ്ക്വയർ, ന്യൂ അസംബ്ലി, ജി.വി. രാജ, വരെയുള്ള റോഡുകളിൽ അന്നേദിവസം വൈകുന്നേരം 03.00 മണി മുതൽ 06.00 മണിവരെയും രാജ്ഭവൻ, വെള്ളയമ്പലം, മ്യൂസിയം, ആർ.ആർ. ലാംമ്പ്, പാളയം, വി.ജെ.റ്റി., ആശാൻ സ്ക്വയർ, ജനറൽ ആശുപത്രി, പാറ്റൂർ, നാലുമുക്ക്, പേട്ട, ചാക്ക, ആൾസെയിൻസ്, ശംഖുമുഖം, എയർപോർട്ട് വരെയുള്ള റോഡിലും ഗതാഗതനിയന്ത്രണവും, പാർക്കിംഗ് നിയന്ത്രണവും ഉണ്ടായിരിക്കുന്നതാണ്.

ടി റോഡുകളിൽ മേൽ പറഞ്ഞ തീയതികളിൽ കർശന പാർക്കിംഗ് നിയന്ത്രണം ഉണ്ടായിരിക്കുന്നതും. ആയതിന് വിപരീതമായി പ്രവർത്തിക്കുന്നവർക്കെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ, ക്ലീനറോ, ഉണ്ടായിരിക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉടമയുടേയോ, ഡ്രൈവറുടേയോ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട രാഷ്ട്രപതി അവർകളുടെ സന്ദർശനത്തോടനുബന്ധിച്ച് മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നതിനാൽ വിമാനത്താവളങ്ങളിലേക്ക് വരുന്ന യാത്രക്കാർ കാലേക്കൂട്ടി വിമാനത്താവളത്തിൽ എത്തേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ :-

0471-2558731

0471-2558732

**നിയമസഭാ മന്ദിരത്തിൽ നടക്കുന്ന ചടങ്ങിനോടനുബന്ധിച്ച താഴെപ്പറയുന്ന പാർക്കിംഗ് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.**

1 മന്ത്രിമാരുടെ വാഹനങ്ങൾ നിലവിലെ പാർക്കിംഗ് സ്ഥലത്ത് തുടരും

2 എം.എൽ.എ., എം.പി. മാരുടെ വാഹനങ്ങൾ നിയമസഭാസമുച്ചയത്തിന്റെ വടക്കുഭാഗത്ത് ക്രമീകരിക്കേണ്ടതാണ്.

3 പ്രത്യേക ക്ഷണിതാക്കളുടെയും വാഹനങ്ങൾ സ്പീക്കർ ഗേറ്റുവഴി അകത്തു പ്രവേശിച്ച് ലൈബ്രറി ഗേറ്റിന് സമീപം വ്യക്തികളെ ഇറക്കിയ ശേഷം ബ്രിഗേഡ് ഗേറ്റ് വഴി പുറത്തിറങ്ങി മ്യൂസിയം കോമ്പൗണ്ട്, കനകക്കുന്ന് കോമ്പൗണ്ട്, എൽ.എം.എസ്. കോമ്പൗണ്ട് എന്നിവിടങ്ങളിൽ പാർക്ക് ചെയ്യേണ്ടതാണ്

യോഗത്തിൽ പങ്കെടുക്കുവാൻ എത്തുന്നവർ ബഹുമാനപ്പെട്ട പ്രസിഡന്റ് എത്തുന്നതിന് അരമണിക്കൂർ മുമ്പേ പന്തലിലെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉപവിഷ്ടരാകേണ്ടതാണ്. പ്രോഗ്രാം നടക്കുന്ന പന്തലിനുള്ളിൽ ബാഗ്, കുട, വാട്ടർബോട്ടിൽ, മൊബൈൽ ഫോൺ ഇവ ഒഴിവാക്കേണ്ടതാണ്.

O/o Asst. Commissioner of Police ★ City. Spl. Branch, Trivandrum City ★

**ജില്ലാ പോലീസ് മേധാവി**
തിരുവനന്തപുരം സിറ്റി